# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:307** **22.08.2017-ൽ മറുപടിക്ക്**

## വാഹനാപകടങ്ങളിൽപ്പെട്ടവർക്ക് അതിവേഗ വിദഗ്ദ്ധചികിത്സ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**<br>**ശ്രീ.സണ്ണി ജോസഫ്**<br>**ശ്രീ.അനിൽ അക്കര** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | വാഹനാപകടങ്ങളിൽപ്പെട്ടവർക്ക് അതിവേഗം വിദഗ്ദ്ധചികിത്സ ലഭ്യമാക്കുവാൻ കേന്ദ്രസർക്കാർ മാതൃകയിൽ സംസ്ഥാനത്തും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | എ) | ഉണ്ട്. കേന്ദ്ര സർക്കാരിന്റെ "Assistance for Development of Trauma Care facilities in Government Hospitals located on National Highway" എന്ന പദ്ധതി പ്രകാരം എറണാകുളം ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, ആലപ്പുഴ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.<br>തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ എന്നീ മെഡിക്കൽ കോളേജുകളിൽ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് ട്രോമ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. |
| ബി) | ഇതിന് പര്യാപ്തമാകുന്ന രീതിയിൽ എത്ര സർക്കാർ ആശുപത്രികളെയാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്; | ബി) | സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള തെരെഞ്ഞെടുത്ത ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ ഉൾപ്പെടെയുള്ള 27 ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്, |
| സി) | സംസ്ഥാനത്തെ ഏതെല്ലാം ആശുപത്രികളെ കേന്ദ്രപദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതുവരെ ഇക്കാര്യത്തിനായി എന്ത് തുക കേന്ദ്രത്തിൽ നിന്നും ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ; | സി) | എറണാകുളം ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, ആലപ്പുഴ മെഡിക്കൽ കോളേജ് എന്നീ ആശുപത്രികളെ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുവാൻ 70070000/- രൂപ അനുവദിച്ചിട്ടുണ്ട്.<br>ആകെ ചെലവിന്റെ 60% കേന്ദ്ര ഫണ്ടും 40% സ്റ്റേറ്റ് ഫണ്ടുമാണ്. ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ആലപ്പുഴ മെഡിക്കൽ കോളേജിനെ ലെവൽ 2 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആകെ തുകയായ (കേന്ദ്ര വിഹിതവും സ്റ്റേറ്റ് വിഹിതവും ഉൾപ്പെടെ) 10.272 കോടി രൂപയിൽ 367.5 ലക്ഷം രൂപ ഒന്നാംഘട്ട കേന്ദ്രവിഹിതമായി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.<br>കോഴിക്കോട് മെഡിക്കൽ കോളേജിനെ ലെവൽ 1 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാംഘട്ട കേന്ദ്രവിഹിതമായി 504 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br>തൃശ്ശൂർ മെഡിക്കൽ കോളേജിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ട്രോമാകെയർ നടപ്പാക്കുന്നത് സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | കേന്ദ്രഗവൺമെന്റിന്റെ ഒരു ടീം 17.06.2014 ൽ സന്ദർശനം നടത്തി. ഈ പദ്ധതിക്കുള്ള പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിലേക്ക് അയച്ചിട്ടുണ്ട്. |
| ഡി) | കേന്ദ്രപദ്ധതി നടപ്പിലാക്കിയ ആശുപത്രികളിൽ ഇതിനകം വാഹനാപകടത്തിൽപ്പെട്ട് വരുന്നവരുടെ വിദഗ്ധചികിത്സയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | ഡി) | ആശുപത്രിയിലെ അടിസ്ഥാന സൗകര്യങ്ങൾ, അത്യന്താധുനിക ചികിത്സാ ഉപകരണങ്ങൾ എന്നിവ സജ്ജമാക്കുന്നതിനും വാഹനാപകടങ്ങളിൽപ്പെട്ട് ചികിത്സ തേടുന്നവർക്ക് അതിവേഗ വിദഗ്ധ സേവനം പ്രദാനം ചെയ്യാൻ സജ്ജരായ ഡോക്ടർമാരുടെ ലഭ്യത, എന്നിവ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദേശീയ പാതകൾക്കും സംസ്ഥാന പാതകൾക്കും സമീപമുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന, കാഷ്വാലിറ്റിയുള്ള ആശുപത്രികളിൽ പ്രാഥമിക ചികിത്സയും അടിയന്തിര ചികിത്സാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

**ട്രോമാകെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു**

1. ജനറൽ ആശുപത്രി, കായംകുളം
2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ
3. ജനറൽ ആശുപത്രി, നെയ്യാറ്റിൻകര
4. ജില്ലാ ആശുപത്രി, കൊല്ലം
5. ജില്ലാ ആശുപത്രി, കാസർഗോഡ്
6. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര
7. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി
8. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഹരിപ്പാട്
9. ജനറൽ ആശുപത്രി, പത്തനംതിട്ട
10. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുറ്റിപ്പുറം
11. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, വടകര
12. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പയ്യന്നൂർ
13. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി
14. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആലത്തൂർ
15. ജനറൽ ആശുപത്രി, അടൂർ
16. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, അടിമാലി
17. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആലുവ
18. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുഴൽമന്ദം
19. ജനറൽ ആശുപത്രി, മഞ്ചേരി
20. ജനറൽ ആശുപത്രി, ആലപ്പുഴ
21. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തൊടുപുഴ
22. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നോർത്ത് പറവൂർ
23. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി
24. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നീണ്ടകര
25. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ്
26. ജനറൽ ആശുപത്രി, തിരുവനന്തപുരം
27. ജനറൽ ആശുപത്രി, എറണാകുളം.

**സെക്ഷൻ ഓഫീസർ**